# ലോകത്തിന്റെ നിലനിൽപിനു ജനപ്പെരുപ്പത്തിന്റെ ഭീഷണി

ഡോ. കെ. ഭാസ്കരൻ നായർ

1955–56 കാലത്തു മുഴങ്ങിക്കേട്ട മുദ്രാവാക്യമനുസരിച്ച് ഒന്നേകാൽ കോടി മലയാളികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനു വേണ്ടിയാണു 38,864 ചതു. കി. മീ. മാത്രം വിസ്താരമുള്ള കേരളദേശത്തെ ഒരു പ്രത്യേക സംസ്ഥാനമായി വേർതിരിച്ചതു്. ഇതു ബുദ്ധിയാണോ എന്നു് അന്നു ചിലരൊക്കെ സംശയിക്കുകയുണ്ടായി. ഇവിടത്തെ ജനസാന്ദ്രതയെക്കുറിച്ചുള്ള ആശങ്കയായിരുന്നു ഈ സംശയത്തിന്റെ അടിസ്ഥാനം. പക്ഷേ അതിനെ ദൂരീകരിക്കുന്നതിനു തികച്ചും ശാസ്ത്രീയമായ സമാധാനവും അന്നു നൽകപ്പെട്ടു. അതിതായിരുന്നു: അന്നത്തെ കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യ വർഷംതോറും ആയിരത്തിനു 14 എന്ന തോതിലാണു വർദ്ധിച്ചുകൊണ്ടിരുന്നതു്. വർദ്ധനവു് അതേ തോതിൽ തുടർന്നുപോയാൽ, ജനസംഖ്യ ഇരട്ടിക്കുന്നതിനു 50 വർഷം വേണം. അതിനകം കുടുംബാസൂത്രണം പ്രചരിപ്പിച്ച് ജനപ്പെരുപ്പത്തെ രാക്കിയ വൻപിച്ച കുടുംബാസൂത്രണ മഹോത്സവവും നടത്തപ്പെട്ടു. എന്നിട്ടും എല്ലാ കണക്കുകൂട്ടലുകളേയും തകിടം മറിച്ച അനുഭവമാണു ജനസംഖ്യയുടെ കാര്യത്തിൽ ഉണ്ടായതു്. 1978ൽ വെറും 22 വർഷംകൊണ്ടു് കേരളത്തിലെ ജനങ്ങളുടെ എണ്ണം രണ്ടരക്കോടി (250 ലക്ഷം) ആയി. ഇരട്ടിപ്പിനു് അന്നു പ്രതീക്ഷിച്ച 50 വർഷത്തിൽ പകുതി സമയംപോലും വേണ്ടിവന്നില്ല എന്നർത്ഥം.

ഇതു കാണുമ്പോൾ ഗണിതശാസ്ത്രത്തിനു് അടി തെററിയോ എന്നു് ആരും സംശയിച്ചുപോകും. സത്യത്തിൽ അതല്ല ഈ അനുഭവത്തിനു കാരണം. നമ്മുടെ സങ്കല്പമാണു് പിഴച്ചതു്. ഇവിടത്തെ ജനസംഖ്യ, 1956ൽ കണ്ടതുപോലെ, ആയിരത്തിനു 14 എന്ന തോതിൽതന്നെ തുടർന്നും വർദ്ധി

## ജനപ്പെരുപ്പം ചികിത്സയില്ലാത്ത ഒരു തരം രോഗമാണു്

നിയന്ത്രിക്കാം. ജനസാന്ദ്രതമൂലം കേരളം വീർപ്പുമുട്ടേണ്ടി വരികയില്ല.

ഈ കണക്കുകളിലും അവയെ ആസ്പദമാക്കി ജനങ്ങൾക്കു നൽകിയ ശുഭപ്രതീക്ഷയിലും ഒരു തെററും ഇല്ലായിരുന്നു. കൂട്ടുപെരുക്ക ക്രമത്തിൽ തുടർച്ചയായി വർദ്ധിക്കുന്ന ഏതു സംഖ്യയും ഇരട്ടിക്കുന്നതിനു് എത്ര കാലം വേണമെന്നു കൃത്യമായി കണക്കാക്കുവാൻ കഴിയും. അതിന്റെ ഗണിതസൂത്രവും ഗ്രാഫുമാണു 13-ാം പേജിൽ താഴെ കൊടുക്കുന്നതു്. കടം വാങ്ങിയ പണം മടക്കിക്കൊടുക്കാതെ, വർഷംതോറുമുള്ള പലിശപോലും കൊടുക്കുവാൻ കഴിയാതെ അതും കടത്തിൽ കൂടിച്ചേർന്നു് മുതലിന്റെ പലിശയും പലിശയ്ക്കു പലിശയും ആയി കടം പെരുകുന്ന അനുഭവം നാം കേട്ടിട്ടുള്ളതാണല്ലോ. അവിടെ കടം അടിക്കടി ഇരട്ടിക്കുന്നതെങ്ങനെയെന്നു് ഈ ചിത്രത്തിൽ നിന്നു മനസ്സിലാക്കാം. ജനസംഖ്യ വർദ്ധിക്കുന്നതും ഇതുപോലെയാണു്. ആ അടിസ്ഥാനത്തിലാണു പ്രതിവർഷം 1.4 ശതമാനം (ആയിരത്തിനു പതിനാലു വീതം) എന്ന തോതിൽ വർദ്ധിച്ചാൽ കേരളത്തിലെ ജനസംഖ്യ ഇരട്ടിയാകുന്നതിനു 50 വർഷം വേണ്ടിവരുമെന്നു കണക്കാക്കിയതു്.

ഈ ശുഭപ്രതീക്ഷയോടുകൂടി 1956 നവംബർ ഒന്നിനു കേരള സംസ്ഥാനം നിലവിൽ വന്നു. അതിനു ശേഷം ഏററവും സ്തുത്യർഹമായ രീതിയിൽ ഇവിടെ കുടുംബാസൂത്രണവും നടന്നു; ഇന്നും ആ ദേശീയ പരിപാടി മുടക്കമില്ലാതെ നടക്കുകയാണു്. അതിനും പുറമെ, 1971ൽ എറണാകുളത്തു് 60,000ൽപരം ആളുകളെ ഒരുമിച്ചു ശസ്ത്രക്രിയയ്ക്കു വിധേയ

കുമെന്നു പ്രതീക്ഷിച്ചതാണു തെററു്. മുതലിന്റെ പലിശയും പലിശയ്ക്കു പലിശയും ചേർന്നു കടം പെരുകുന്നതുപോലെ കൂട്ടുപെരുക്കക്രമത്തിലാണു ജനസംഖ്യ വർദ്ധിക്കുന്നതു് എന്ന സങ്കൽപം ഒരു അർദ്ധസത്യമേ ആകുന്നുള്ളു. ഇങ്ങനെ പണം കടം കൊടുത്തു് ആദായമുണ്ടാക്കി കടക്കാരെ മുടിക്കുന്നവൻ നിഷ്ഠുരനാണെങ്കിലും ഒരർത്ഥത്തിൽ സത്യമുള്ളവനാണു്. എന്തുകൊണ്ടെന്നാൽ അവൻ ആദ്യം നിശ്ചയിച്ച പലിശ നിരക്കുമാത്രമേ അവസാനത്തിലും ഈടാക്കുകയുള്ളു. പക്ഷേ ജനപ്പെരുപ്പത്തിനു് ഇടയാക്കുന്ന പ്രകൃതിയുടെ പ്രക്രിയയിൽ വർദ്ധനവിന്റെ നിരക്കു് ഇങ്ങനെ സ്ഥിരമായി നിൽക്കുന്നില്ല. അതു ജനസംഖ്യ വർദ്ധിക്കുന്നതോടൊപ്പം അടിക്കടി വർദ്ധിക്കുന്നു. കേരളത്തിൽ 1956ൽ അതു് ആയിരത്തിനു പതിന്നാലു് ആയിരുന്നു. 1971ൽ അതു് ആയിരത്തിനു 26 ആയി വർദ്ധിച്ചു. വർദ്ധന നിരക്കുതന്നെ വർദ്ധിക്കുന്ന ഈ പ്രതിഭാസം വെറും കൂട്ടുപെരുക്കമല്ല; വൻകൂട്ടുപെരുക്കമാണു്. അതിൽ ഇരട്ടിപ്പു കാലത്തിന്റെ അളവു മുന്നോട്ടു പോകുംതോറും കുറഞ്ഞുകുറഞ്ഞു വരുന്നു. ഇക്കാരണത്താലാണു് 1956ൽ 50 വർഷം എന്നു കണക്കാക്കിയ ഇരട്ടിപ്പു കാലം അനുഭവത്തിൽ 22 വർഷമായി കുറഞ്ഞതു്.

കൂട്ടുപെരുക്കംതന്നെ ഭയാനകമാണു്. ഓരോ ഇരട്ടിപ്പിന്റേയും ഫലം മുൻപിലത്തേതിനെക്കാൾ രണ്ടു മടങ്ങു് ആപൽ

## ഇന്ത്യയിലെ പ്രതിവർഷ ജനവർദ്ധനവു് ഒന്നര കോടിയോളം



Digitized by Kerala Sahitya Akademi

**ഓരോ വ്യക്തിയും ഒന്നിനൊന്നു് എന്ന കണക്കിൽ മാത്രമേ അനന്തരാവകാശികളെ അവശേഷിപ്പിക്കാവൂ.**

ക്കരമായിത്തീരുന്നു. ഒന്നേകാൽ കോടി രണ്ടരക്കോടിയാകുന്നതിനെ അപേക്ഷിച്ച് എത്രയോ ഭയങ്കരമാണ് രണ്ടരക്കോടി അഞ്ചു കോടിയാകുന്നതു് എന്നു പറയേണ്ടതില്ല. അടുത്ത പടി അഞ്ചു പത്താകുന്ന ഇരട്ടിപ്പാണു്. ഇതിനെ അപേക്ഷിച്ച നോക്കുമ്പോൾ വൻകൂട്ടപെരുക്കത്തിന്റെ ആപത്തു് എത്രയോ കൂടുതൽ ഭയങ്കരമാണു്. ലോക ജനസംഖ്യയുടെ ഇതുവരെയുള്ള ചരിത്രത്തിൽനിന്നുതന്നെ ഇതു വ്യക്തമാകുന്നതാണു്. ക്രിസ്തുവിന്റെ ജീവിത കാലത്തു ഭൂമിയിൽ ആകെക്കൂടി 25 കോടി മനുഷ്യരേ ഉണ്ടായിരുന്നുള്ളു എന്നാണു് ഊഹിക്കപ്പെടുന്നതു്. ഈ ജനസംഖ്യ ഇരട്ടിക്കുവാൻ 1,650 വർഷങ്ങൾ വേണ്ടിവന്നു ക്രി. വ. 1650ൽ ഭൂമിയിലെ മനുഷ്യരുടെ ആകെ എണ്ണം 50 കോടിയായി. അന്നത്തെ വർദ്ധനനിരക്കും ഊഹിക്കുവാൻ സാധിച്ചിട്ടുണ്ടു്. ആയിരത്തിനു മൂന്നു് (0.3 ശതമാനം) ആയിരുന്നു അതെന്നു കരുതപ്പെടുന്നു. വെറും കൂട്ടുപെരുക്ക ക്രമത്തിൽ നോക്കിയാൽ ഈ തോതിലുള്ള വർദ്ധനവിന്റെ ഇരട്ടിപ്പു കാലം 250 വർഷത്തോളം വരും. അതായതു 1900ൽ ജനസംഖ്യ 100 കോടിയാകുമെന്നു ചുരുക്കം. പക്ഷേ യഥാർത്ഥത്തിൽ സംഭവിച്ചതു് 1830ൽതന്നെ ലോക ജനസംഖ്യ ആ നിലയിൽ എത്തിയെന്നുള്ളതാണു്. ഇതുകഴിഞ്ഞു് അടുത്ത ഇരട്ടിപ്പിനു 100 വർഷമേ വേണ്ടിവന്നുള്ളു. 1930ൽ ഭൂമിയിൽ മനുഷ്യരുടെ എണ്ണം 200 കോടിയായി. പിന്നത്തെ ഇരട്ടിപ്പിനു് കേവലം 45 വർഷം മാത്രമേ എടുത്തുള്ളു. അതായതു് 1975ൽ ലോകജനസംഖ്യ 400 കോടിയിൽ എത്തി. അതു് ഇനി 800 കോടിയാകുവാൻ 33 വർഷം കഴിയണം എന്നാണു് ഇപ്പോഴത്തെ പ്രതീക്ഷ. അനുഭവത്തിൽ എങ്ങനെ വരുമെന്നു കണ്ടുതന്നെ അറിയണം.

ലോകത്തെയും നമ്മുടെ കൊച്ചു കേരളത്തെയും വൻ കൂട്ടുപെരുക്ക ക്രമത്തിലുള്ള ഈ ജനസംഖ്യാ വർദ്ധനവു് എന്തെന്നില്ലാതെ വിഷമിപ്പിക്കും എന്നതു തീർച്ചയാണു്. സത്യത്തിൽ ഇതും ഒരു തരം രോഗമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പ്രസിദ്ധ ജീവശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സ്‌ലി മനുഷ്യൻ, ജീവജാലം എന്ന ശരീരത്തെ ബാധിച്ച, ക്യാൻസർ (അർബുദം) ആയിത്തീർന്നിരിക്കുന്നു എന്നു പറയുകയുണ്ടായി. ശരിയാണു്. ചേതോഹരമായ ഈ ഭുവന ഗോളത്തിൽ വ്യാപിച്ചു നിൽക്കുന്നതും നൂറോ ഇരുനൂറോ കോടി വർഷത്തെ പഴക്കമുള്ളതുമായ ഈ സർവ്വഭൂത ശരീരം പത്തു ലക്ഷം ജന്തുജാതികളും മൂന്നു ലക്ഷം സസ്യജാതികളും അന്യോന്യം പൊരുത്തപ്പെട്ട്, അങ്ങേയററം സഹകരിച്ചു്, നിലനിർത്തുന്നതാണു്. ഈ ഘടകങ്ങളിൽ ഓരോന്നിനും അതതിന്റെ സ്ഥാനവും ധർമ്മങ്ങളുമുണ്ടു്. ഇങ്ങനെയുള്ള സുസ്ഥിതിയിൽ ഒരു ഘടകം

**മനുഷ്യൻ, ജീവജാലം എന്ന ശരീരത്തെ ബാധിച്ച ക്യാൻസർ ആയിത്തീർന്നിരിക്കുന്നു**— *ജൂലിയൻ ഹക്സ്‌ലി*

**മരണനിരക്കു ഗണ്യമായി കുറഞ്ഞു; ജനനനിരക്കു വല്ലതായി കുറഞ്ഞില്ല; അങ്ങനെ ജനപ്പെരുപ്പം ഇരച്ചു കയറി.**

മാത്രം അനിയന്ത്രിതമായി പെരുകി, വിരലു് ഉരലുപോലെ വളരുന്ന നിലയെ പ്രാപിക്കുന്നതുതന്നെയാണു് അർബുദം എന്ന മഹാരോഗം. ലോകജനസംഖ്യ 300 കോടി എന്ന പരിധി കടന്നപ്പോൾ—അതായതു് 1960ൽ—ആണു് മനുഷ്യൻ ഈ നിലയിലെത്തിയതു്. ഹക്സ്‌ലിയുടെ ഉപമ രോഗലക്ഷണങ്ങളുടെ അതിസൂക്ഷ്മമായ അംശങ്ങളിൽപോലും പ്രസക്തമായിരിക്കുന്നു എന്നു കാണുമ്പോൾ അനല്പമായ ആശങ്ക തോന്നുന്നു. ജീവലോകത്തിന്റേയും, അവന്റെ തന്നെയും, അസ്തിത്വത്തിനു് മനുഷ്യൻ ഭീഷണിയായിത്തീർന്നിരിക്കുന്നു.

ജീവശരീരങ്ങളെ ബാധിക്കുന്ന മററു രോഗങ്ങൾക്കു് എന്തെങ്കിലും ഒരു പ്രതിവിധിയോ, ചികിത്സയോ ഉണ്ടു്. അർബുദംപോലും പ്രാരംഭദശയിൽ ഭേദമാക്കാമെന്നു പറയുന്നു. പക്ഷേ ജനപ്പെരുപ്പം ചികിത്സയില്ലാത്ത രോഗമാണു്. അതു വന്നുപോയാൽ പിന്നെ സഹിക്കുകയേ നിവൃത്തിയുള്ളു. ലോകത്തിൽ അധികപ്പററായി, ഭൂമിക്കു ഭാരമായി, തീർന്നിരിക്കുന്ന മനുഷ്യരെയെല്ലാം കൊന്നൊടുക്കുവാൻ സാധ്യമല്ല. എസ്കിമോകൾ വാർദ്ധക്യം ബാധിച്ചു് അവശരായ ബന്ധുക്കളെ ഹിമവിശാലതകളിൽ ഉപേക്ഷിച്ചിട്ടു പോകാറുണ്ടു്. സൈബീരിയയിൽ മീൻ പിടിച്ചു ജീവിക്കുന്ന ചുക്ചി എന്ന പ്രാചീന വർഗ്ഗക്കാർക്കിടയിൽ ഇതിനേക്കാൾ ക്രൂരമായ മറെറാരു പതിവുണ്ടത്രെ. വാർദ്ധക്യംകൊണ്ടും മററും അവശരായിത്തീർന്നവരെ നിറയെ ആഹാരവും ധാരാളം മദ്യവും കൊടുത്തശേഷം പിന്നിൽ കൂടിച്ചെന്നു ഞെക്കിക്കൊല്ലുമെന്നു പറയുന്നു. പരിഷ്കൃത മനുഷ്യൻ ഈ ഉപായങ്ങളൊന്നും സ്വീകരിക്കുമെന്നു തോന്നുന്നില്ല. വൃദ്ധന്മാരെ മാത്രം കൊന്നതുകൊണ്ടു പ്രയാസം തീരുകയുമില്ല. യഹൂദവംശത്തെ നശിപ്പിക്കുവാൻ നിശ്ചയിച്ച അശ്മഹൃദയനായ ഹിററ്ലർ പന്ത്രണ്ടു വർഷം ആധുനിക ശാസ്ത്രത്തിന്റെ ഉപകരണങ്ങൾ ഉപയോഗിച്ചു് പരിശ്രമിച്ചിട്ടും 60 ലക്ഷം പേരേ മാത്രമേ കൊന്നൊടുക്കിയുള്ളു. ഇതു് ഇന്ത്യയിൽ മാത്രം ഓരോ വർഷവും അധികമായുണ്ടാകുന്ന ജനങ്ങളുടെ എണ്ണത്തിന്റെ പകുതിപോലും ആകുന്നില്ല. (നമ്മുടെ പ്രതിവർഷ വർദ്ധനവു് 150 ലക്ഷത്തോളം വരും!)

ഇങ്ങനെ നോക്കിയാൽ ജനസംഖ്യ കുറയ്ക്കുവാൻ ഒരു മാർഗ്ഗവും ഇല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ലോകത്തെ ബാധിച്ചു കഴിഞ്ഞ ആപത്തിൽനിന്നു് ഒരു പോംവഴിയുമില്ല. ബുദ്ധിമാനെന്നു് അഭിമാനിക്കുന്ന മനുഷ്യനു ചെയ്യാൻ


**കേരളമുണ്ടായപ്പോൾ 50 വർഷംകൊണ്ടേ ജനസംഖ്യ ഇരട്ടിയ്ക്കുള്ളുവെന്നു കരുതി. വെറും 22 വർഷംകൊണ്ടു് ഇരട്ടിച്ചു.**



Digitized by Kerala Sahitya Akademi

കഴിയുന്നതു് ഈ ആപത്തു കൂടുതൽ ഭയാനകമായിത്തീരാതെ തടയുക എന്നതുമാത്രമാണു്. അതായതു വൻകൂട്ടപെരുക്ക ക്രമത്തിൽ നടക്കുന്ന ഈ ജനസംഖ്യാവർദ്ധനവിനെ മന്ദീഭവി പ്പിക്കുക. അതിനു വർദ്ധന നിരക്കു് അടിക്കടി കുറച്ചുകൊണ്ടു വരണം. ഇരട്ടിപ്പു കാലത്തിൻെറ ദൈർഘ്യം കൂട്ടണം. മൊത്തം ജനനങ്ങളുടേയും മൊത്തം മരണങ്ങളുടേയും വ്യത്യാസമാണല്ലൊ വർദ്ധനവായി പ്രത്യക്ഷപ്പെടുന്നതു്. കഴിഞ്ഞ പത്തഞ്ഞൂറു വർഷങ്ങളായി മനുഷ്യരുടെ ഇടയ്ക്കു് മരണങ്ങൾ ഗണ്യമായി കുറഞ്ഞു. ജനനങ്ങളുടെ എണ്ണം അത്ര വളരെയൊന്നും കുറഞ്ഞുമില്ല. ഇതാണു് ഇന്നുണ്ടായിരിക്കുന്ന ആപത്തിൻെറ കാരണം. ഈ വിടവിലൂടെയാണു് ജനപ്പെരുപ്പം

**rt** =69.39




ഇരച്ചുകയറി ലോകത്തെ വീർപ്പുമുട്ടിക്കുന്നതു്. അതു് അടയ്ക്കുവാൻ ജനങ്ങളുടെ എണ്ണം കുറയ്ക്കുക എന്ന ഒരേ ഒരു മാർഗ്ഗമേ സ്വീകാര്യമായുള്ളൂ.

ഇതു സമൂഹത്തിൻേറയോ, ഗവണ്മെൻറുകളുടേയോ, രാഷ്ട്രീയ പ്രവർത്തകരുടേയോ കാര്യമാണെന്നു കരുതി, ജനങ്ങൾ ഉപേക്ഷ വിചാരിക്കുന്നതാണു് ഏററവും വലിയ ആപത്തു് ഇതു് ഓരോ വ്യക്തിയുടേയും സ്വന്തം കാര്യമാണു്; ഏററവും വലിയ സ്വകാര്യവുമാണു്.

ആകെ 12,800 കി.മീ. മാത്രം വ്യാസമുള്ള ഈ ചെറിയ ഭുവനഗോളം ജനപ്രളയത്തിൽ മുങ്ങി നമ്മുടെ സന്താനങ്ങളും അവരുടെ സന്താനങ്ങളും നരക ദുഃഖം അനുഭവിക്കാതെ തടയുന്നതിനു നാം തന്നെ മുൻകരുതൽ ചെയ്യണം. ഓരോ വ്യക്തിയും ഒരു ചെറിയ കുടുംബത്തെ മാത്രം പുലർത്തുകയും, ഒന്നിനൊന്നു് എന്ന കണക്കിൽ മാത്രം അനന്തരാവകാശികളെ അവശേഷിപ്പിക്കുകയും ചെയ്താൽ അടുത്ത അൻപതോ നൂറോ വർഷങ്ങൾക്കുള്ളിൽ ലോകജനസംഖ്യയെ ആയിരം കോടിക്കകത്തു് പിടിച്ചു നിർത്തുവാൻ സാധിച്ചേക്കും.

ഭാഗ്യവശാൽ, രോഗങ്ങളെ നിയന്ത്രിച്ചു്, ദുർമ്മരണങ്ങളുടെ എണ്ണം കുറച്ചു്, ഈ മഹാവിപത്തിനു് ഇടയാക്കിയ വൈദ്യശാസ്ത്രംതന്നെ ഇതിനുവേണ്ടി സുരക്ഷിതമായ പരിഹാര മാർഗ്ഗങ്ങൾ ഇപ്പോൾ കണ്ടുപിടിച്ചിട്ടുണ്ടു്. അവയെ, ആരുടെയും പ്രേരണയില്ലാതെ, സ്വമേധയാ സ്വീകരിക്കുവാൻ എല്ലാവരും തയ്യാറാകണം. ലോകമാകെ, പിൻകിട രാജ്യങ്ങളിൽ പ്രത്യേകിച്ചും, അടിയന്തരമായി ഉണ്ടാകേണ്ട ഈ പുതിയ ജീവിതവീക്ഷണം വിപുലമായ വിദ്യാഭ്യാസ യത്നത്തിലൂടെ മാത്രമേ കൈവരുത്തുവാൻ സാധിക്കുകയുള്ളൂ.

## പ്രശ്നത്തിൻെറ ഗൗരവം

വിശാലമായ ലോകത്തിൻേറയും, അതിഭയങ്കരമായ ആപത്തിനെ നേരിടുന്ന ഇന്ത്യയുടേയും, കാര്യം വിട്ടു് ഈ കൊച്ചു കേരളത്തിൻെറ ഭാവിയെപ്പററിമാത്രം ചിന്തിച്ചാലും ഈ പ്രശ്നത്തിൻെറ ഗൗരവം വ്യക്തമാകും. അടുത്ത 20 വർഷത്തിനിടയ്ക്കു് ഇവിടെ 500 ലക്ഷം ജനങ്ങൾ ജീവിക്കേണ്ടിവരുന്ന വ്യവസ്ഥിതിയുണ്ടായാൽ എന്തായിരിക്കും അനുഭവമെന്നു് ആലോചിച്ചുനോക്കുക. കുടിക്കാനുള്ള വെള്ളത്തിനുവേണ്ടിപ്പോലും മനുഷ്യർ പരസ്പരം യുദ്ധം ചെയ്യുകയില്ലേ എന്നു് ഭയപ്പെട്ടുപോകുന്നു. ഇപ്പോൾതന്നെ പോഷകാഹാരമില്ല, ഭൂമിയില്ല, പാർപ്പിടമില്ല, തൊഴിലില്ല, സ്കൂളുകൾ പോരാ, കോളേജുകൾ പോരാ, സഞ്ചാരസൗകര്യം പോരാ, കടലാസു കിട്ടുന്നില്ല, സ്വൈരജീവിതം സാധ്യമല്ല, ശാന്തിയില്ല, സമാധാനമില്ല, രാഷ്ട്രീയ കലാപങ്ങൾക്കു് അറുതിയില്ല എന്നൊക്കെയുള്ള നീണ്ട പരാതികൾ നിരന്തരം മുഴങ്ങുന്നു. ജനങ്ങളുടെ (അതായതു് ആവശ്യക്കാരുടെ) എണ്ണം പെരുകുമ്പോൾ ഈ പരാതികൾ വദ്ധിക്കുകയേയുള്ളൂ. മനുഷ്യനും മനുഷ്യനും തമ്മിൽ സ്നേഹമില്ലാതെ വരുമെന്നുള്ളതാണു് ഏററവും ദുസ്സഹമായ ദുരന്തം. അകലെയുള്ളവനെയും, അയൽക്കാരനെയും, സ്വന്തം സന്താനങ്ങളെപ്പോലും, ശത്രുഭാവത്തിലല്ലാതെ കാണുവാൻ കഴിയാത്ത വ്യവസ്ഥിതിയെപ്പററി ഓർത്തുനോക്കുക.

---

# സ്മൃതി

**ജയമോഹൻ**

കത്തും വിരഹമരുണിമ ചാലിച്ചു
മുഗ്ദ്ധയാം മൂവന്തി മുന്നിൽ കലങ്ങവേ
ഓടിത്തളർന്ന നിഴലുകൾ രാവിൻെറ
മാറിൽ തലചായ്ച്ചുറങ്ങാൻ തുടങ്ങവേ
കർപ്പൂരനാളം തെളിച്ചുകൊണ്ടച്ഛനിൽ
സ്വപ്നം വിതച്ചിളംപൈതൽ പറക്കവേ.
അമ്മതന്നസ്ഥിത്തറയിൽ കിളുന്തുകൈ
അന്തിത്തിരിനീട്ടി സങ്കടമോതവേ
മററൊരു സാന്ധ്യരാഗം കണക്കെന്നുടെ
ഏത്തിലുരുകുന്നു,....ശോകമേ; ''ദീനയായ്
ചോരയിററിക്കും; മുറിവായ കൂടാത്ത
മൂകമാം ഗദ്ഗദം വിങ്ങിവിതുമ്പവേ
സാരിത്തലപ്പു കടിച്ചു; നിറമിഴി—
കോണുകളേതോ വിദൂരത്തിൽ നീട്ടി; നീ
വാടിക്കുഴഞ്ഞു; കരയ്ക്കുടത്തിട്ടൊരു—
താമരത്തണ്ടുപോൽ വീണുകിടക്കുമെൻ
ജീവനിൽ; 'ക്യാൻസർ' ചീയുന്ന ദുർഗന്ധത്തിൽ
നോവുമാത്മാവിൻ ശരശയ്യയൊന്നിതാ! !''



Digitized by Kerala Sahitya Akademi

കേരളം കുടുംബാസൂത്രണ രംഗത്തു് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുമ്പിലായിരുന്നുവെന്നും, ഇക്കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽ ആ സ്ഥാനം നഷ്ടപ്പെട്ടുവെന്നും ഒരു ധാരണ പരന്നിട്ടുണ്ട്. മുഖ്യമായും വന്ധ്യംകരണ ശസ്ത്രക്രിയകളുടെ എണ്ണം കണക്കാക്കി കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ നേട്ടങ്ങളെ വിലയിരുത്തുന്നതുകൊണ്ടാണിങ്ങനെയൊരു ധാരണയുണ്ടായതു്.

ജനനനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയൊട്ടാകെ കണക്കിലെടുത്താൽ ജനനനിരക്ക് ഇപ്പോൾ 1000 ന് 33 ആയിട്ടുണ്ടോ എന്ന സംശയമാണ്. മുപ്പതായി കുറയ്ക്കുകയെന്ന ലക്ഷ്യം നേടാനുള്ള കാലാവധി നീട്ടി നീട്ടി ഇപ്പോൾ 1983 ലേക്ക് മാററിയിരിക്കുകയാണ്.

കേരളത്തിൽ ജനനനിരക്ക് 1000 ന് 28 ആക്കാൻ 1975 ന മുമ്പ് തന്നെ കഴിഞ്ഞതായി സർവ്വേകൾ കാണിക്കുന്നു. ഉയർന്ന സാക്ഷരതാ നിലവാരവും സാമൂഹ്യ–സാംസ്കാരിക രംഗങ്ങളിലുള്ള പ്രബുദ്ധതയും മററുമാണ് ഇത്തരത്തിലുള്ള പുരോഗതി നേടുവാൻ നമുക്ക സഹായകമായതു്. കേരളത്തിലെ സ്ത്രീകൾക്കിടയിലുള്ള വിദ്യാഭ്യാസ നിലവാരവും അവർക്കുള്ള തൊഴിലവസരങ്ങളും സമൂഹത്തിൽ അവർക്കുള്ള സ്ഥാനവും ജനനനിരക്ക് കുറയ്ക്കുന്നതിൽ നിർണ്ണായകമായ പങ്ക വഹിച്ചിട്ടുണ്ട്.

## ഗൾഫ് പുരാണം

തൊഴിലന്വേഷിച്ച് വിദേശങ്ങളിലേയ്ക്കുള്ള കേരളീയ യുവാക്കളുടെ പ്രയാണം, വിശേഷിച്ച്, ഈ അടുത്ത കാലത്തു് ഗൾഫ് രാജ്യങ്ങളിലേയ്ക്കുണ്ടായ ആയിരക്കണക്കിനുള്ള വമ്പിച്ച പ്രവാഹം, വിവാഹപ്രായം കുറേക്കൂടി ഉയർത്തുന്നതിലും ജനനനിരക്ക് കുറയ്ക്കുന്നതിലും ഗണ്യമായ സ്വാധീനം ചെലുത്തി

### കേരളത്തിലെ കുടുംബക്ഷേമ പരിപാടി 1957 മുതൽ

### വന്ധ്യംകരണം

| വർഷം | പുരുഷന്മാർ | സ്ത്രീകൾ | ആകെ | ലൂപ്പ് |
|---|---|---|---|---|
| 1957 | 521 | 158 | 679 | |
| 1958 | 1653 | 1507 | 3160 | |
| 1959 | 4132 | 2236 | 6368 | |
| 1960 | 3079 | 1953 | 5032 | |
| 1961 | 3578 | 2939 | 6517 | |
| 1962 | 4182 | 2916 | 7098 | |
| 1963 | 10396 | 2830 | 13226 | |
| 1964 | 17938 | 3966 | 21904 | |
| 1965 | 36102 | 6532 | 42634 | 23062 |
| 1966 (Jan. to March) | 7274 | 1270 | 8544 | 11750 |
| 1966–67 | 33069 | 7205 | 40274 | 40760 |
| 1967–68 | 53756 | 11399 | 65155 | 37553 |
| 1968–69 | 58775 | 15065 | 73840 | 36062 |
| 1969–70 | 42142 | 18404 | 60546 | 37708 |
| 1970–71 | 46621 | 21396 | 68017 | 30584 |
| 1971–72 | 123747 | 27364 | 151111 | 18167 |
| 1972–73 | 59465 | 30924 | 90389 | 21444 |
| 1973–74 | 14751 | 35638 | 50389 | 21703 |
| 1974–75 | 18466 | 43685 | 62151 | 22221 |
| 1975–76 | 94270 | 62352 | 156622 | 28302 |
| 1976–77 | 129829 | 84566 | 214395 | 17851 |
| 1977–78 | 15188 | 67225 | 82413 | 11416 |
| 1978–79 | 15131 | 74959 | 90090 | 12095 |
| 1979–80 | 6632 | 29083 | 35715 | 4882 |
| ആകെ | 800697 | 555871 | 1356665 | 374720 |



# സാമാന്യ
# ഇടയിലെ

യിട്ടുണ്ട്. സമഗ്രമായ ഒരു പഠനം കൊണ്ടുമാത്രമേ ഇതിന്റെ യഥാർത്ഥ സ്ഥിതി വിവരക്കണക്കുകൾ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. എങ്കിലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ജനനനിരക്ക് വളരെ കുറഞ്ഞു എന്നുള്ളതു് നിഷേധിക്കാനാവാത്ത പരമാർത്ഥമാണ്.

കുടുംബാസൂത്രണ രംഗത്തു ഗണ്യമായ പുരോഗതി നേടുവാനും അതു നിലനിർത്തുവാനും കഴിഞ്ഞ ജപ്പാന്റെ മാതൃകയിൽത്തന്നെ പുരോഗതി കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട് എന്നു ധരിക്കുവാൻ ന്യായമുണ്ട്. സാക്ഷരതയിൽ മാത്രമല്ല, ബുദ്ധിക്കും

# ആയിരം വിദ്യാ
# ലക്ഷം ഭവന


കെ. യ
മാസ് എഡ്യൂക്കേഷൻ
ഹെൽത്ത് സർവീസസ് ഡയറക


യുക്തിക്കും നിരക്കുന്ന രീതിയിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ മററാരെയുംകാൾ പിന്നിലല്ലാത്ത കേരളീയർക്ക് കുടുംബാസൂത്രണത്തിന് അവനവന്റെ സാഹചര്യത്തിനും ജീവിതപരിതസ്ഥിതികൾക്കും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കും ഇണങ്ങുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുവാനുള്ള വിവേകവും ഉണ്ട്.

എട്ടു വർഷം മുമ്പുവരെ (1968–71 കാലഘട്ടത്തിൽ) കേരളത്തിൽ ഏററവുമധികം പ്രചാരത്തിലിരുന്നതു് വാസക്ടമി ആയിരുന്നു. 1968 ഒക്ടോബറിൽ



Digitized by Kerala Sahitya Akademi